**യേനോപസൃഷ്ടാത് പുരുഷാല്ലോക ഉദ്വിജതേ ഭൃശം**
**ന ബുധസ്തദ്വശം ഗച്ഛേദിച്ഛന്ന ഭയാത്മന: (4-11-32)**

മൈത്രേയൻ തുടർന്നു:
മാമുനിമാരുടെ പ്രാർത്ഥന കേട്ടപ്പോൾ ഭഗവാൻ നാരായണൻ സ്വയമുണ്ടാക്കി നൽകിയ നാരായണാസ്ത്രത്തെപ്പറ്റി ധ്രുവനോർമ്മവന്നു. അതെടുത്തുകുലച്ചപ്പോഴേക്കും മായാവികളുടെ മായാജാലങ്ങളെല്ലാം അപ്രത്യക്ഷമായി. വിജ്ഞാനംകൊണ്ട് അജ്ഞതയും തൽസന്താനങ്ങളും നശിക്കുന്നതുപോലെയായിരുന്നു അത്. ധ്രുവൻെറ അസ്ത്രം സുവർണ്ണനിറത്തിൽ അഗ്നിനാളങ്ങളോടുകൂടി ശത്രുവിൻെറ നേരെ പാഞ്ഞു. ആക്രമിക്കാനടുത്ത ശത്രുക്കളെയെല്ലാം ധ്രുവൻ അരിഞ്ഞുവീഴ്ത്തി.

ധ്രുവൻെറ മുതുമുത്തച്ഛൻ സ്വയംഭുവമനു യുദ്ധക്കളത്തിലെത്തി, സർവ്വനാശകമായ യുദ്ധത്തിൻെറ വ്യർത്ഥതയെപ്പറ്റി ധ്രുവനോട് ഇങ്ങിനെ പറഞ്ഞു. "മകനേ, ഈ ക്രോധം മതിയാക്കൂ. ഇത് നരകത്തിലേക്കുള്ള പാതയത്രെ. യക്ഷന്മാരുടെ കൂട്ടത്തിൽ ആരോ ഒരാൾ നിൻെറ സഹോദരനെ കൊന്നു എന്നുകേട്ട് ആ സമൂഹത്തെ മുഴുവൻ വകവരുത്തി നിരപരാധികളെയാണ് നീ കൊല്ലുന്നത്. ശരീരമാണ് ആത്മാവ് എന്ന നിഗമനത്തിൽ ശത്രുവിനെ കൊല്ലുന്നത് ധാർമ്മികമല്ല തന്നെ. നിൻെറ അനുജൻെറ മരണത്തോടെ അവൻെറ ശരീരം മാത്രമേ നശിച്ചുള്ളൂ. അതുപോലെ ഈ യുദ്ധത്തിൽ മരിച്ചവരുടേയും ശരീരത്തെ മാത്രമെ നിനക്ക് വധിക്കാൻ സാധിക്കൂ. യഥാർത്ഥത്തിൽ അവരെ നിനക്ക് വധിക്കാൻ സാധിക്കുകയുമില്ല. ഈ ലോകത്തിൽ മറ്റാർക്കും സാധിക്കാത്ത വിധത്തിൽ ചെറിയ പ്രായത്തിൽത്തന്നെ ഭഗവൽപ്രീതി നേടുകയും അവിടുത്തെ കൃപയാൽ വിശോത്തരമായ പ്രാമുഖ്യം ലഭിക്കുകയും ചെയ്തവനാണല്ലോ നീ. നിനക്ക് ധാർമ്മീകമര്യാദകളെപ്പറ്റിയും കടമകളെപ്പറ്റിയും പഠിപ്പിക്കാൻ പോലും കഴിയുമെങ്കിലും നീ സ്വയം പാപകർമ്മങ്ങളിലേർപ്പെടുന്നു. ക്ഷമ, കരുണ, സൗഹൃദം, സമദൃഷ്ടി എന്നീ ഗുണങ്ങൾ സ്വയം വളർത്തിയെടുത്ത് സകല ജീവികളോടും ഒരേപോലെ പ്രതികരിക്കുന്നവനിലാണ് ഭഗവൽപ്രീതിയുണ്ടാവുക. അങ്ങിനെ ജീവഭാവത്തിൻെറ അതിരുകൾക്കപ്പുറത്ത് പരമാത്മാവുമായി ഒത്തുചേരാൻ നിനക്ക് സാധിക്കും.

കുബേരൻെറ അനുയായികളായ യക്ഷരല്ല നിൻെറ അനുജനെ കൊന്നത്. ഭഗവദിച്ഛയാലാണ് ഒരുവൻ ജനിക്കുന്നതും മരിക്കുന്നതുമെല്ലാം. അവിടുന്നാണ് വിശ്വസൃഷ്ടാവും, സ്ഥിതികർത്താവും സംഹാരകനും. എങ്കിലും കർത്തൃത്വ-ഭോക്തൃത്വാഭിമാനമില്ലാത്തതുകൊണ്ട് അവിടുത്തെ കർമ്മങ്ങളോ ഗുണങ്ങളോ ബാധിക്കുന്നില്ല. ഭഗവാൻെറ ഊർജ്ജത്തിൻെറ ശക്തികൊണ്ടാണ് സൃഷ്ടി സ്ഥിതിസംഹാരങ്ങൾ നടക്കുന്നത്. ഇതേ ശക്തിയാലാണ് ആണും പെണ്ണും ഇണചേർന്ന് അവരുടെ രൂപസാദൃശ്യത്തിൽ കുട്ടികളുണ്ടാവുന്നത്. ഇതേ ശക്തിയാൽതന്നെയാണ് ഒരുശരീരത്തെ മറ്റൊരു ശരീരം നശിപ്പിക്കുന്നതും, നശിപ്പിക്കുന്നവനെയും മരണം കീഴടക്കുന്നതും.

അതുകൊണ്ട് മകനേ, എൻെറ, ഞാൻ, എന്നീ ചിന്തകൾ വെടിഞ്ഞ് ഭഗവാനെ ഹൃദയത്തിൽ വെച്ചാരാധിക്കുക. ജ്ഞാനിയായ ഒരുവൻ, ഭയരഹിതനാവാനാഗ്രഹിക്കുന്ന പക്ഷം ക്രോധത്തിനടിപ്പെടാതെയിരിക്കണം. ക്രോധവാനെ മറ്റുള്ളവർ ഭയക്കുകയും അവഗണിക്കുകയും ചെയ്യും. നീ ഭഗവാൻ ശിവനെതിരായി കൊടുംപാപം ചെയ്തിരിക്കുന്നു. കുബേരൻ പരമശിവൻെറ സുഹൃത്താണ്. നീ കുബേരൻെറ അനുയായികളേയാണ് കൊലചെയ്തത്. അതുകൊണ്ട് ഹൃദയംതുറന്നു പരമശിവനെ പ്രാർത്ഥിച്ചു കൊള്ളുക."